**പതിനാലാം കേരള നിയമസഭ**

**ഒമ്പതാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 290 23.01.2018-ൽ മറുപടിക്ക്**

**<u>ജീവൻരേഖ പദ്ധതി</u>**

| **<u>ചോദ്യം</u>** | **<u>മറുപടി</u>** |
|---|---|
| **ശ്രീ.വി.എസ്.ശിവകമാർ**<br>**ശ്രീ.എൽദോസ് പി. കന്നപ്പിള്ളിൽ**<br>**ശ്രീ.അൻവർ സാദത്ത്**<br>**ശ്രീ.എം. വിൻസെന്റ്** | **ശ്രീമതി. കെ.കെ. ശൈലജ ടീച്ചർ**<br>(ബഹു. ആരോഗ്യവും സാമൂഹ്യ നീതിയും വകുപ്പ് മന്ത്രി) |

| | | | |
|---|---|---|---|
| എ) | ജീവൻരേഖ പദ്ധതിയുടെ പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കുമോ; | എ) | ജീവൻരേഖ പദ്ധതിയുടെ പ്രവർത്തനം ഗണ്യമായി പുരോഗമിച്ചിട്ടുണ്ട്. പ്രാഥമികാരോഗ്യ കേന്ദ്രം മുതൽ മെഡിക്കൽകോളേജ് വരെയുള്ള 13 ആശുപത്രികളിൽ pilot implementation തീരുമാനിച്ചതിൽ 12 ആശുപത്രികളിലും hardware, Networking, Connectivity എന്നിവ പൂർത്തിയാക്കി. PHC വെള്ളി, ചെറുന്നിയൂർ, ഉഴമലയ്ക്കൽ, CHC മണമ്പൂർ, വെള്ളനാട്, TH ഫോർട്ട്, ചിറയിൻകീഴ്, DH പേരൂർക്കട, PH ലാബ് എന്നീ 9 ആശുപത്രികളിൽ പൂർണ്ണമായും പദ്ധതി പ്രവത്തനക്ഷമമാണ്. ഇ ഹെൽത്ത് പ്രോജക്റ്റിന്റെ ഭാഗമായ പബ്ലിക് ഹെൽത്ത് മാനേജ്മെന്റ് digitalize ചെയ്ത് നടപ്പിലാക്കുന്നതിലേക്കായി താഴെ പറയുന്ന മൂന്ന് നടപടികൾ പൂർത്തിയാക്കി കഴിഞ്ഞു.<br>• പബ്ലിക് ഹെൽത്ത് മാനേജ്മെന്റ് സോഫ്റ്റ്‌വെയർ ഡെവലപ്പ് ചെയ്ത് ടെസ്റ്റ് നടത്തി Trial Run നടത്തി.<br><br>തിരുവനന്തപുരം ജില്ലയിലെ മൂന്ന് ഹെൽത്ത് ബ്ലോക്കിൽ Trial Run നടത്തി വിജയകരം എന്ന് ഉറപ്പാക്കി<br>• എല്ലാ ജില്ലകളിലുമായി ആരോഗ്യവകുപ്പിലെ 9500 ഫീൽഡ് സ്റ്റാഫിന് കൈവശംവച്ച് ഉപയോഗിക്കുന്നതിനായി ടാബ്ലെറ്റ് PC വാങ്ങി വിതരണം നടത്തി.<br>• ടാബ്ലെറ്റ് PC വിതരണം നല്കിയ എല്ലാ ഫീൽഡ് ജീവനക്കാർക്കും PC യുടെ |

| | | | |
|---|---|---|---|
| | | | പ്രവത്തനത്തിനാവശ്യമായ പരിശീലനം പൂർത്തിയാക്കി . പൗരന്മാരുടെ വിവരശേഖരണവും രോഗവിവരങ്ങളും ശേഖരിക്കുന്നതിലേക്കായി അവ ഉപയോഗിക്കുന്ന പ്രദേശത്തിന്റെ (locality) വിശദാംശം ശേഖരിക്കുന്ന Demographic Survey ഇപ്പോൾ 14 ജില്ലകളിലും നടന്നു വരുന്നു. ഈ സർവെ പൂർത്തിയാക്കുന്ന മുറയ്ക്ക് വ്യക്തിയുടെയും അവരുടെ വീടുകളുടെയും വിശദാംശം ലഭ്യമാകും. ഓരോ locality യിലെയും വ്യക്തികളുടെ ആധാർ കാർഡ് സ്കാൻ ചെയ്താണ് member details ശേഖരിക്കുന്നത്. പഞ്ചായത്ത്-വാർഡ് തലത്തിൽ ക്യാമ്പുകൾ സംഘടിപ്പിച്ച് ഈ പ്രവർത്തനം നടന്നു വരുന്നു. |
| ബി) | എല്ലാ സർക്കാരാശുപത്രികളിലും ഈ പദ്ധതി നടപ്പിലാക്കിയിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ? | ബി) | പദ്ധതിയുടെ ആദ്യഘട്ടം തിരുവനന്തപുരം, ആലപ്പുഴ, കാസർഗോഡ്, മലപ്പുറം, ഇടുക്കി, എറണാകുളം, കണ്ണൂർ എന്നീ ഏഴ് ജില്ലകളിലാണ് നടപ്പിലാക്കാൻ തിരുമാനിച്ചിട്ടുള്ളത്. എന്നാൽ എല്ലാ സർക്കാർ മെഡിക്കൽകോളേജിലും OP Reception Module നടപ്പിലാക്കാൻ തീരുമാനിച്ചിട്ടുണ്ട് ഇതിന്റെ പ്രവത്തനം പുരോഗമിക്കുകയാണ്. ഏഴു ജില്ലകളിലാണ് പദ്ധതി പൂർണ്ണമായും ആദ്യ ഘട്ടത്തിൽ വിഭാവന ചെയ്തിട്ടുള്ളതെങ്കിലും എല്ലാ ജില്ലകളിലും വിവരശേഖരണം നടത്തുന്നതിന് തീരുമാനിച്ചിട്ടുണ്ട്. |
| സി) | ആരോഗ്യ ചികിത്സാ വിവരങ്ങൾ ഡിജിറ്റലായി ശേഖരിക്കുകയും പൊതുജനാരോഗ്യ കേന്ദ്രങ്ങളെ കംപ്യൂട്ടർ ശൃംഖല വഴി ബന്ധിപ്പിക്കുകയും ചെയ്യുന്ന പദ്ധതി ആരംഭിച്ച വർഷം തന്നെ സംസ്ഥാനത്ത് പകർച്ചവ്യാധി മൂലം ഏറ്റവും കൂടുതൽ ആളുകൾ മരിച്ചുവെന്ന ആരോഗ്യവകുപ്പിന്റെ റിപ്പോർട്ട് | സി) | ഇ-ഹെൽത്ത് പ്രോജക്റ്റിനു വേണ്ടി കേന്ദ്ര സർക്കാരിന്റെ പദ്ധതിയിൽ പെടുത്തി 96.12 കോടി രൂപയുള്ള അനുമതി 2013 ൽ ലഭിക്കുകയും 2014 ഒക്ടോബർ ഒന്നിന് HP കമ്പനിയുമായി സോഫ്റ്റ് വെയർ ഡെവലപ്മെന്റിന് കരാറിൽ ഏർപ്പെടുകയും ചെയ്തെങ്കിലും ടി സ്ഥാപനത്തിന് സ്വന്തമായി സോഫ്റ്റ് വെയർ വികസിപ്പിക്കുന്നതിനുള്ള സാങ്കേതിക വിഭാഗം ഇല്ലാതിരുന്നതിനാൽ ന്യൂഡൽഹി |

| | | | |
|---|---|---|---|
| | ഈ പദ്ധതിയുടെ പരാജയത്തെയാണോ സൂചിപ്പിക്കുന്നത് എന്നറിയിക്കാമോ? | | ആസ്ഥാനമായ JKT എന്നൊരു സ്ഥാപനത്തെക്കൂടി ഉൾപ്പെടുത്തിക്കൊണ്ട് പ്രാരംഭ പ്രവർത്തനങ്ങൾ ആരംഭിച്ചെങ്കിലും തുടർ നടപടികൾ അനിശ്ചിതമായി നീളുകയാണുണ്ടായത്. നിലവിലെ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷമാണ് ആധികാരിക വിവര ശേഖരണവും Demographic Data ശേഖരിക്കുന്നതിനുള്ള നടപടികളും ഊർജ്ജിതമായത്. എന്നാൽ ഇതെല്ലാം കേന്ദ്രീകൃത കമ്പ്യൂട്ടർ ശൃംഖലയുമായി ബന്ധിപ്പിച്ച് സമഗ്ര നിരീക്ഷണ നിയന്ത്രണ സംവിധാനം പ്രാവർത്തികമാകുന്നതിന് കൂടുതൽ കാലയളവും വർദ്ധിച്ച ഫണ്ട് വിനിയോഗവും ആവശ്യമായി വരുമെന്നുള്ളതിനാൽ പദ്ധതിപ്രവർത്തനം തുടക്കം മുതൽ പാടെ പരാജയമാണെന്ന വാദത്തിൽ കഴമ്പില്ല. |

**സെക്ഷൻ ഓഫീസർ**